**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**വിജ്ഞാപനം**

**എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം**

**സമർപ്പിച്ച എൻ.ആർ.ഐ സർട്ടിഫിക്കറ്റുകളിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അവസരം**

2022 വർഷം കേരളത്തിലെ സ്വാശ്രയ മെഡിക്കൽ /ദന്തൽ കോളേജുകളിലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേക്ക് പരിഗണിക്കപ്പെടുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന ഇതിനകം എൻ.ആർ.ഐ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് എൻ.ആർ.ഐ രേഖകളിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഒരവസരം കൂടി നൽകുന്നു. ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിച്ച എൻ.ആർ.ഐ രേഖകളിലെ അപാകതകൾ പരിഹരിക്കുന്നതിനായി **13.10.2022 വൈകിട്ട് 4.00 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

എൻ.ആർ.ഐ രേഖകളിലെ അപാകതകൾ പരിഹരിക്കുന്നതിനായി വിദ്യാർത്ഥികളുടെ **'KEAM 2022-Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ദൃശ്യമാകുന്ന പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അപാകതയില്ലാത്ത സർട്ടിഫിക്കറ്റുകൾ മേൽ തീയതിക്കകം അപ്‌ലോഡ് ചെയ്യാവുന്നതാണ്. അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം അപേക്ഷയോടൊപ്പം കാലാവധി കഴിഞ്ഞതോ കഴിയാറായതോ ആയ വിസ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ മേൽപ്പറഞ്ഞ തീയതിക്കകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമായ സ്പോൺസറിൽ നിന്നുള്ള നിശ്ചിത സാക്ഷ്യപത്രമോ, വിസ പുതുക്കാനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന 'ഓൺലൈൻ അക്നോളഡ്ജ്മെന്റിന്റെ' കോപ്പിയോ സമർപ്പിക്കുന്ന പക്ഷം പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന NRI കാറ്റഗറി ലിസ്റ്റിൽ താത്ക്കാലികമായി ഉൾപ്പെടുത്തുന്നതാണ്. ഇത്തരം വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ നിശ്ചയിക്കുന്ന എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിനായുള്ള ഓപ്ഷൻ കൺഫർമേഷന്റെ അവസാന തീയതിക്ക് മുമ്പായി കാലാവധിയുള്ള വിസ സമർപ്പിക്കാത്ത പക്ഷം NRI കാറ്റഗറിയും NRI കാറ്റഗറിയിൽ ലഭിച്ച താൽക്കാലിക അലോട്ട്മെന്റും റദ്ദാകുന്നതുമാണ്. കൂടാതെ ഇത്തരം വിദ്യാർത്ഥികളെ എം .ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ തുടർന്നുള്ള അലോട്ട്മെന്റിൽ NRI ക്വാട്ടാ അലോട്ട്മെന്റിനായി പരിഗണിക്കുന്നതുമല്ല.

സമയ ബന്ധിതമായി റാങ്ക് ലിസ്റ്റ്, കാറ്റഗറി ലിസ്റ്റ്, അലോട്ട്മെന്റ് ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിക്കാനുള്ളതിനാൽ എൻ.ആർ.ഐ രേഖകളിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഇനിയൊരവസരം നൽകുന്നതല്ല. വിശദമായ വിജ്ഞാപനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റ് കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.10.10 17:43:13 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**10/10/2022**